"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി (2008-09) ഗുണഭോക്താവായ ശ്രീ.ജസ്റ്റിൻ കെ.പത്രോസ് S/o പത്രോസ്, കൊയിലേരിയാൻ ഹൗസ്, മാട്ടൂൽ എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ 40,000/- രൂപ മാത്രം ഒടുക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.32/2025/F&P തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം: ഫിഷറീസ് ഡയറക്ടറുടെ 24/08/2024 തീയതിയിലെ DFTVM/1017/2022-N1 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ **2008-09** സാമ്പത്തിക വർഷം നടപ്പിലാക്കിയ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി **(NFWF)** ഗുണഭോക്താവായ ശ്രീ.ജസ്റ്റിൻ കെ.പത്രോസ് **S/o** പത്രോസ്, കൊയിലേരിയാൻ ഹൗസ്, മാട്ടൂൽ എന്നയാൾ പദ്ധതി ധനസഹായമായി കൈപ്പറ്റിയ **40,000/-** രൂപ ഉപയോഗിച്ച് വീടിന്റെ തറ നിർമ്മാണം നടത്തിയിട്ടുണ്ടെന്നും, എന്നാൽ ടിയാന്റെ സാമ്പത്തിക പരാധീനത മൂലം ഭവന നിർമ്മാണത്തിന്റെ തുടർ പ്രവർത്തനം നടത്തുന്നതിന് സാധിച്ചിട്ടില്ലായെന്നും, സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ടിയാന് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ അനുവദിച്ച തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനോ യാതൊരു നിർവ്വാഹവുമില്ലെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായും, ആയതിനാൽ, ടിയാന് ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ച **40,000/-** രൂപ പലിശ ഇളവ് ചെയ്ത് തിരികെ ഒടുക്കി കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ടിയാന്റെ പേരിലുള്ള ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ മേൽ പരാമർശ പ്രകാരം അഭ്യർഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും, മാനുഷിക പരിഗണന മുൻ നിർത്തിയും, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി (2008-09) ഗുണഭോക്താവായ ശ്രീ.ജസ്റ്റിൻ കെ.പത്രോസ് S/o പത്രോസ്, കൊയിലേരിയാൻ ഹൗസ്, മാട്ടൂൽ എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ 40,000/- രൂപ മാത്രം ഒടുക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 24-01-2025 10:35:31